# പതിനാലാം കേരളനിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2938** — **13.03.2018 ൽ മറുപടിയ്ക്ക്**

## ഫോർ ദി പീപ്പിൾ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.സി. ദിവാകരൻ** | **ഡോ. കെ.ടി ജലീൽ (തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** |
| എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഫോർ ദി പീപ്പിൾ എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; | (എ) തദ്ദേശ സ്വയംഭരണ വകുപ്പിൽ പരാതി പരിഹാര വെബ് പോർട്ടലായ 'ഫോർ ദി പീപ്പിൾ' 02.02.2017-ൽ ആരംഭിച്ചിട്ടുണ്ട്. |
| ബി) ഫോർ ദി പീപ്പിൾ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ; | (ബി) തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള വിവിധ വകുപ്പുകളിലെ സ്വജനപക്ഷപാതം, അഴിമതി, സേവനങ്ങൾ നൽകുന്നതിലെ കാലതാമസം, കെട്ടുകാര്യസ്ഥത എന്നിവ സംബന്ധിച്ച് പൊതുജനങ്ങൾക്ക് പരാതികളും നിർദ്ദേശങ്ങളും നൽകുന്നതിന് ഓൺലൈനായി ഒരു പരാതി പരിഹാര സംവിധാനം എന്ന നിലയിലാണ് 'ഫോർ ദി പീപ്പിൾ' പദ്ധതി ആരംഭിച്ചത്. പരാതികളും നിർദ്ദേശങ്ങളും സമർപ്പിക്കാനും ആവശ്യമെങ്കിൽ ആയതുമായി ബന്ധപ്പെട്ട ഫോട്ടോ, വീഡിയോ എന്നിവ ചേർക്കാനും കഴിയും. ഇതിലൂടെ തദ്ദേശ സ്ഥാപനങ്ങൾക്കെതിരായ പരാതി ഒരു പരിധിവരെ ഇല്ലാതാക്കുന്നതിനും കാര്യക്ഷമത ഉയർത്തുന്നതിനും, സുതാര്യത ഉറപ്പുവരുത്തുന്നതിനും കഴിയുന്നതാണ്. https://pglsgd.kerala.gov.in എന്നതാണ് വെബ് പോർട്ടലിന്റെ വിലാസം. |
| സി) ഫോർ ദി പീപ്പിൾ പദ്ധതിയിലൂടെ നാളിതുവരെ എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളതെന്നും അവയിൽ എത്രയെണ്ണത്തിൽ നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ? | (സി) 8/03/2018 വരെ 738 പരാതികൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 563 എണ്ണം തീർപ്പാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ